**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212** **25-06-2024 - ൽ മറുപടിയ്ക്ക്**

**കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ഫലപ്രദമായ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടുമൃഗങ്ങളുടെ ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ അത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള ജനവാസ മേഖലയോട് ചേർന്ന് സൗരോർജ്ജ വേലി, ട്രഞ്ച്, ജൈവ വേലികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികളിലൂടെയും ജനജാഗ്രത സമിതികളിലൂടെയും കൃത്യമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകുകയും മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിക്കുകയും, നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ തിരികെ വനത്തിലേക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തുവരുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള ശാസ്ത്രീയ മാർഗങ്ങൾ നടപ്പാക്കുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണം സ്ഥിരമായി ഉണ്ടാകുന്നിടത്ത് റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.റ്റി.) ന്റെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ വനം വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.<br>ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിന് വാച്ചർമാരെ നിയോഗിച്ചും മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് മൃഗങ്ങൾക്ക് |

വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് വനത്തിനകത്ത് കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നുണ്ട്. വനാതിർത്തികളിൽ സൗരോർജ്ജ വേലികൾ, സൗരോർജ്ജ് തൂക്കുവേലികൾ, ആനക്കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ജൈവ വേലികൾ എന്നിവ നിർമ്മിച്ച് പരിപാലിച്ചു വരുന്നുണ്ട്. വന്യമൃഗ സാന്നിധ്യത്തെക്കുറിച്ച് എസ്.എം.എസ്. സിസ്റ്റം വഴി ജാഗ്രതാ നിർദ്ദേശം നൽകി അപകട സാധ്യത ഒഴിവാക്കുന്നുണ്ട്. വന്യമൃഗ ആക്രമണം ഒഴിവാക്കുന്നതിനായി പ്രദേശവാസികളും വാച്ചർമാരും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. ജനവാസമേഖലയോടു ചേർന്നുള്ള പ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും ഉണ്ടാക്കിയും വെളിച്ചവും കാണിച്ചും കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക Animal Intrusion Detection and Repellent System (ANIDERS) Alarm സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷം ഉണ്ടാകുന്ന മേഖലകളിൽ നബാർഡ് – ആർ.ഐ.ഡി.എഫ്., തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി സൗരോർജ്ജ വേലികൾ, സൗരോർജ്ജ തൂക്കുവേലികൾ, ആനക്കിടങ്ങുകൾ എന്നിവ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കാനുള്ള വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് സർപ്പ എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്.

മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലുള്ള സ്ഥലങ്ങളിൽ ആർ.ആർ.റ്റി.യുടെ സാന്നിദ്ധ്യം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ വനം വകുപ്പിലെ വിവിധ ഡിവിഷനുകളിലായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് (താമരശ്ശേരി), വയനാട് (സുൽത്താൻ ബത്തേരി), കൽപറ്റ, നിലമ്പൂർ, മണ്ണാർക്കാട്, അട്ടപ്പാടി, പാലക്കാട്, ചാലക്കുടി, പീരുമേട്, മൂന്നാർ, റാന്നി, പുനലൂർ, പേപ്പാറ എന്നിവിടങ്ങളിലായി 15 ആർ.ആർ.റ്റികൾ പ്രവർത്തിച്ചു വരുന്നുണ്ട്.

സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷം സർക്കാർ ഉത്തരവ് GO(Ms) 04/2024 /DMD dated

| | | | |
|---|---|---|---|
| | | | 07-03-2024 പ്രകാരം "സംസ്ഥാന സവിശേഷ ദുരന്ത"മായി പ്രഖ്യാപിച്ച സാഹചര്യത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ആർ.ആർ.റ്റി. സംവിധാനം ശാക്തീകരിക്കുന്നതിനായി നിലവിലുള്ള ആർ.ആർ.റ്റി.കൾക്ക് പുറമേ സർക്കാർ ഉത്തരവ് (കൈ) നം. 23/2024/വനം തീയതി 31-05-2024 പ്രകാരം തിരുവനന്തപുരം, പുനലൂർ, കോട്ടയം, മാങ്കുളം, കോതമംഗലം, ചാലക്കുടി, നെന്മാറ, നിലമ്പൂർ സൗത്ത്, നോർത്ത് വയനാട് എന്നീ വനം ഡിവിഷനുകളിൽ ഒൻപത് ആർ.ആർ.റ്റി.കൾ കൂടി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം, വനം വകുപ്പിൽ നിലവിൽ സ്ഥിരവും താൽക്കാലികവുമായി 28 ആർ.ആർ.റ്റികൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ